PRIVATE MEMBERS' BUSINESS.

Consideration of Report

Shri K. V. Narayanan: Sir, I move that the Second Report of the Committee on Private Members' Bills and Resolutions in 1964 be adopted.

Shri K. Krishna Pillai: I second it.

Mr. Speaker: The question is that the Second Report of the Committee on Private Members' Bills and Resolutions in 1964 be adopted.

The motion was put and carried.

The Report was adopted.

Resolution No. 1

Removal of the restrictions imposed in the construction of temples, mosques and churches in the Malabar area and issue of uniforms rules applicable to the whole of Kerala.

Mr. Speaker: I call upon Shri K. Moideenkutty Haji to move Resolution No. 1, on behalf of Shri T. K. Ramakrishnan.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ശ്രീ. ടി. കെ. രാമകൃഷ്ണൻ അധികാപ്പെടുത്തിയതനുസരിച്ച് ഞാൻ താഴെപ്പറയുന്ന റസല്യൂഷൻ അവതരിപ്പിക്കുകയാണു്.

'ഹിന്ദു, മുസ്ലിം, ക്രൈസ്തവ സമുദായങ്ങളുടെ ആരാധനാ സ്ഥലങ്ങളായ അമ്പലം, പള്ളി, ചർച്ച് ഇവകളും നിർമ്മിക്കുന്ന കാര്യത്തിൽ മുൻ മലബാർ ജില്ലയിൽ ഇന്നുള്ള നിയന്ത്രണം എടുത്തുകളയുവാനും കേരള വ്യാപകമായി ഒരു ഐകരൂപ്യം വരുത്തുവാനും നിയമസഭയുടെ ഈ യോഗം തീരുമാനിക്കുന്നു'.

സർ, മദ്രാസിന്റെ ഒരു ഭാഗമായി നിന്നിരുന്നതും ഇന്നു് കണ്ണൂർ, കോഴിക്കോടു്, പാലക്കാടു് എന്നീ പേരുകളിൽ അറിയപ്പെടുന്നതുമായ ജില്ലകളിൽ മുൻപു് ആരാധനാ സ്ഥലങ്ങളും നിർമ്മിക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം വളരെ ശ്രോഹകരമായ ഒരു നിയന്ത്രണം നിലവിലുണ്ടായിരുന്നു. ആരാധനാ സ്ഥലങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി ഏതു സമുദായമായിരുന്നാലും കൊള്ളാം ആവശ്യമായ അപേക്ഷ ജില്ലാ കളക്ടർക്കു് സമർപ്പിക്കുകയും ആ അപേക്ഷ റവന്യൂ അധികാരികളും മുഖേന താഴെത്തട്ടിൽ വന്നു് വില്ലേജാഫീസർ അഥവാ അധികാരി അന്വേഷണം നടത്തുകയും, മറ്റൊരു വിഭാഗത്തിൽപ്പെട്ടവർ ജില്ലാ പോലീസു് സൂപ്രണ്ടുമുഖേന പോയി പോലീസു് സബ്ബ് ഇൻസ്പെക്ടർ അന്വേഷണം നടത്തുകയും ചെയ്ത രണ്ടുകൂട്ടരുടേയും റിപ്പോർട്ട പോയി മറ്റു യാതൊരു സമുദായങ്ങളുടേയും തടസവാദം അതിന്മേൽ ഇല്ലെന്നു കണ്ടാൽ അനുവദിക്കുകയും ചെയ്യുന്ന ഒരു ഏർപ്പാടായിരുന്നു അന്നു് നിലവിലുണ്ടായിരുന്നതു്. ഇതു് ആരാധനാ സ്ഥലങ്ങളെ മാത്രം ബാധിക്കുന്ന കാര്യമല്ല. മദ്രസകളും ഉണ്ടാക്കുന്നതിനും ഈ നിയന്ത്രണം ഉണ്ടായിരുന്നു. മദ്രസ എന്നു പറയുന്നതു് ആരാധനാ സ്ഥലമല്ലെന്നും അതു റിലിജിയസു് സ്കൂൾ ആണെന്നും ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടുകൂടി ആ നിയന്ത്രണം വച്ചു പുലർത്തിയിരുന്നു. കമ്മ്യൂണിസ്റ്റു ഗവണ്മെന്റു് ഇവിടെ അധികാരത്തിൽ ഇരുന്നിരുന്ന കാലത്തു് മന്ത്രി ശ്രീ. വി. ആർ. കൃഷ്ണയ്യർ ഇതു പുനഃപരിശോധന ചെയ്യേണ്ട കാര്യമാണെന്നു മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിയമസഭയിലെ എല്ലാ ഭാഗത്തിലുംപെട്ട എം. എൽ. എ. മാരെ വിളിച്ചു വരുത്തി ഒരു ചർച്ച നടത്തുകയുംചെയ്തു. അതിനുശേഷം മദ്രസ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

റിലിജിയസ് സ്കൂൾ നടത്തുന്നതിനുള്ള നിയന്ത്രണം എടുത്തുകളഞ്ഞു. മാത്രമല്ല, നിലവിലുണ്ടായിരുന്ന പള്ളികളുടെ പുനർനിർമ്മാണത്തിലും ഈ നിയന്ത്രണം ആവശ്യമില്ലെന്ന തീരുമാനിക്കുകയുണ്ടായി. അതായതു് ഒരു ജമാഅത്തു പള്ളിയൊ, നമസ്കാര പള്ളിയോ നിലവിലുള്ളതു് സ്വാഭാവികമായ് ജനപ്പെരുപ്പംകൊണ്ടു് ജനങ്ങളുടെ ആവശ്യത്തിനു മതിയാകാത്ത പരിതസ്ഥിതി വരികയാണെങ്കിൽ അതേസ്ഥലത്തു് പുതുക്കിപ്പണിയുന്നതിനും അതു് ഉയർത്തിക്കെട്ടുന്നതിനും ലൈസൻസു ആവശ്യമില്ലെന്നുള്ള വ്യവസ്ഥ അടുത്തകാലത്തുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇന്നു മലബാറിലെ പല സ്ഥലങ്ങളിലും നമസ്കാരപ്പള്ളികളും പുനരുദ്ധാരണം നടത്തിക്കൊണ്ടിരിക്കുകയാണു്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂർ—കൊച്ചി ഭാഗത്തു് അന്നു നിലവിലുണ്ടായിരുന്ന നിയമം എന്താണെന്നു പരിശോധിച്ചപ്പോൾ കാണാൻ സാധിച്ചതു്, മലബാർ ഭാഗത്തു ഉണ്ടായിരുന്ന മാതിരിയുള്ള നിയന്ത്രണം ഇല്ലെന്നായിരുന്നു. ആരാധനാ സ്ഥലങ്ങൾ പുതുതായി ഒരു സ്ഥലത്തു സ്ഥാപിക്കണമെങ്കിൽ അപേക്ഷ കൊടുക്കുകയും ആ അപേക്ഷയിന്മേൽ 90 ദിവസങ്ങൾക്കകം യാതൊരു മറുപടിയും കിട്ടിയില്ലെങ്കിൽ അപേക്ഷ അനുവദിച്ചതായി കണക്കാക്കി അവിടെ ആരാധനാസ്ഥലം നിർമ്മിക്കുന്നതിനു വിരോധമില്ലെന്നായിരുന്നു അന്നു നിലവിലുണ്ടായിരുന്ന വ്യവസ്ഥയെന്നു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. താൽക്കാലികമായി ഈ ഒരു സൗകര്യമെങ്കിലും മലബാർ ഭാഗത്തേക്കു് വ്യാപിപ്പിക്കാൻ വേണ്ടിയും കേരള വ്യാപകമായി പൊതുവിൽ ഒരു രൂപം ഇതു സംബന്ധിച്ചുണ്ടാക്കാൻ വേണ്ടിയും അടുത്തുതന്നെ പരിശ്രമിക്കാമെന്നു് അന്നു ശ്രീ. വി. ആർ. കൃഷ്ണയ്യർ സമ്മതിച്ചിട്ടുണ്ടായിരുന്നു. അതിനുശേഷമാണു് കമ്മ്യൂണിസ്റ്റു ഗവണ്മെന്റു പുറത്തുപോയതു്. അതിനുശേഷം ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം മെമ്മോറാണ്ടങ്ങളും മറ്റും സമർപ്പിക്കുകയുണ്ടായെങ്കിലും വളരെ ആശാവഹമായ യാതൊരു നടപടിയും ഇതിനകം എടുത്തുകഴിഞ്ഞിട്ടില്ല. ഇന്നു ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്; ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. ഈയിടെ എടുത്ത സെൻസസിൽതന്നെയും മുസ്ലീം സമുദായത്തിൽ കുറെ അധികം ജനപ്പെരുപ്പം ഉണ്ടായതായി കാണാൻ സാധിച്ചിട്ടുണ്ടു്. അങ്ങനെ ജനങ്ങൾക്കു് മുമ്പിലത്തേക്കാളും കൂടുതൽ ആരാധനാ സ്ഥലങ്ങളും വേണമെന്നുള്ള അവസ്ഥ വന്നുചേർന്നിട്ടുണ്ടു്. ഈ അവസരത്തിൽ, ഒരു കാര്യംകൂടി ബഹുമാനപ്പെട്ട ഈ സഭയുടെ ശ്രദ്ധയിൽപെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. മദ്രാസിലെ നിയമം മുമ്പു് മലബാറിലെ ജില്ലകളിൽ ഉണ്ടായിരുന്ന കാലത്തുതന്നെ ക്ഷേത്രങ്ങളും ചർച്ചുകളും ഉണ്ടാക്കുന്നകാര്യത്തിൽ യാതൊരു വിഷമവും നേരിടാറുണ്ടായിരുന്നില്ല. ഒരു സ്ഥലത്തു പുത്തനായി ഹിന്ദുസഹോദരന്മാർക്കു് ഒരു ക്ഷേത്രമുണ്ടാക്കുന്നതിനു് ആ ഭാഗത്താരും എതിരു നിന്നിരുന്നില്ല, ഉദാഹരണമായി വള്ളത്തോളിന്റെ നാട്ടിൽ മംഗലത്തു ഒരു പള്ളിയും ക്ഷേത്രവും നിൽക്കുന്നതു് ഒരു സർവെ നമ്പരിലും ഒരു പട്ടയത്തിലുംപെട്ട സ്ഥലത്താണു്. മഹാകവി വള്ളത്തോൾ, എന്നല്ലാ മേൽപത്തൂർ ഭട്ടതിരി, തുഞ്ചത്തു് എഴുത്തച്ഛൻ ഉൾപ്പെടെയുള്ള മഹാകവികളും എന്റെ താലൂക്കിലാണു് ജനിച്ചിട്ടുള്ളതു്. ഞാൻ പറഞ്ഞ മംഗലത്തു് ഒരു പള്ളിയുണ്ടായിരുന്ന സ്ഥലത്തുതന്നെ, ഒരു ക്ഷേത്രത്തിനുള്ള സൗകര്യം അവിടത്തെ സ്നേഹിതന്മാർ ചെയ്തുകൊടുക്കുകയും ഇതിന്റെ രണ്ടിന്റെ ഇടയിലുമായി ഉണ്ടായിരുന്ന കുളം രണ്ടുകൂട്ടരും കൂടി ഉപയോഗിച്ചുവരികയും ചെയ്തിരുന്നു.

ശ്രീ. ഈ. പി. ഗോപാലൻ: ക്ഷേത്രം ഉണ്ടായിരുന്ന സ്ഥലത്തു പള്ളി വരുകയല്ലേ ചെയ്തതു്?

ശ്രീ കെ. മൊയ്തീൻകുട്ടി ഹാജി: ആദ്യം ഒരു ആൽത്തറയും വിളക്കുമായിരുന്നു അവിടെ ഉണ്ടായിരുന്നതു്. അന്നു തന്നെ മുസ്ലീംസിന്റെ ഒരു നമസ്കാര സ്ഥലവും അവിടെ ഉണ്ടായിരുന്നു. രണ്ടും ഒപ്പം വളർന്നുവരികയായിരുന്നു ചെയ്തതു്. ഇന്നു് ഒരു ക്ഷേത്രത്തിന്റെയും പള്ളിയുടേയും നിലയിൽ അവ വളർന്നുവന്നിട്ടുണ്ടു്. യാതൊരു സൈരക്കേടും അവിടെ ഉണ്ടായിരുന്നില്ല. പിന്നെ ക്രിസ്ത്യൻ സഹോദരന്മാർ മലബാറിൽ പല ഭാഗങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിലും വന്ന കുടിയേറിപ്പാർക്കുന്ന സ്ഥലങ്ങളിൽ പുത്തനായി കുരിശുകൾ സ്ഥാപിക്കുന്നതിനേയോ, പള്ളികൾ നിർമ്മിക്കുന്നതിനേയോ ആരും തടസ്സപ്പെടുത്തിയിട്ടില്ല. നമ്മുടെ നാട്ടിൽ ഇന്നു ധാരാളം അങ്ങനെ നടന്നുകൊണ്ടിരിക്കുന്നുണ്ട്. അടുത്തുതന്നെ തൃശ്ശൂർ-ഷൊർണ്ണൂർ മെയിൻറോഡിൽ തൃശ്ശൂർ അങ്ങാടിക്കടുത്തായി; ഒരു ക്ഷേത്രത്തിന്റെ വിളക്കു സ്ഥാപിച്ചിരുന്നതു വികസിപ്പിക്കാനായി, നാഷനൽ ഹൈവേ റോഡിന്റെ പകുതി വളച്ചുകെട്ടി ക്ഷേത്രത്തിന്റെ പരിധിയിൽ ചേർത്തിരിക്കുന്നതായി കാണാൻ കഴിയും. ഇതുമാതിരി പല സ്ഥലത്തും ക്രിസ്തീയ പള്ളികളുടെ കുരിശും പള്ളികളും സ്ഥാപിച്ചിട്ടുണ്ട്. നെല്ലിയാമ്പതി ഫാം ആഫീസിന്റെ മുമ്പിൽതന്നെ ഒരു കുരിശു പുത്തനായി നാട്ടിയിട്ടുണ്ട്. ഞാൻ ഇതെല്ലാം പറയുന്നതു് നമ്മുടെ സംസ്ഥാനത്തു എല്ലാ വിഭാഗക്കാർക്കും മതസ്വാതന്ത്ര്യമുണ്ടെന്നും, അതു ആരും തടയാറില്ലെന്നും, ഈ സഭയുടേയും ഗവണ്മെൻറിന്റേയും ശ്രദ്ധയിൽപ്പെടുത്താനാണു്. എന്നാൽ മലബാർ ഭാഗത്തു മുസ്ലീങ്ങൾക്കു ആരാധനാ സ്ഥലം പുത്തനായി ഉണ്ടാക്കുന്ന കാര്യത്തിൽ ഗവണ്മെൻറുദ്യോഗസ്ഥന്മാരിൽനിന്നും വളരെ അസൗകര്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെന്നുള്ളതു ഖേദകരമായ ഒരു വസ്തുതയാണു്. എന്റെ ജന്മസ്ഥലത്തുതന്നെ ആകട്ടെ ഒരു വിഷമവുമില്ലാത്ത പരിതഃസ്ഥിതിയിൽ ഒരു ചെറിയ ആരാധനാ സ്ഥലമുണ്ടാക്കണമെങ്കിൽ ഞാൻ നേരത്തെ പറഞ്ഞ എല്ലാ നടപടികളും നടത്തണം. അതിനു ആരെങ്കിലും ഒരാൾ തടസ്സമുണ്ടെന്നു പറഞ്ഞു ആക്ഷേപം അയച്ചാൽ, അതു് അവിടെ നിൽക്കും. സ്വാഭാവികമായും ജനപ്പെരുപ്പം ഉള്ളപ്പോൾ കച്ചവടക്കാരുള്ള സ്ഥലങ്ങളിലും മറ്റും നമസ്കാരത്തിനു കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിത്തീർക്കുകയെന്നുള്ളതു് ഞങ്ങളെ സംബന്ധിച്ചിടത്തോളം നിർബന്ധമുള്ള കാര്യമാണു്. നിയമസഭ നടന്നുകൊണ്ടിരുന്ന അവസരത്തിൽ ഐകകണ്ഠേനെ മുസ്ലിം മെമ്പർമാർക്കു് നമസ്കാരത്തിനു സൗകര്യമുണ്ടാക്കിക്കൊടുക്കണമെന്നു മനസ്സിലാക്കി അങ്ങുതന്നെ നിയമസഭയുടെ ഏതെങ്കിലും ഒരു ഭാഗം അതിലേക്കു് ഉപയോഗിച്ചുകൊള്ളാൻ അനുവദിച്ചിട്ടുണ്ടു്. മദ്രാസിൽ മുസ്ലിം മെമ്പറന്മാരുടെ നമസ്കാര സൗകര്യത്തിനുവേണ്ടിമാത്രം ഒരു മുറി പാർട്ടി രൂമിനോടനുബന്ധിച്ചു് കൊടുത്തിട്ടുണ്ടായിരുന്നു. മുസ്ലിം ഉദ്യോഗസ്ഥന്മാർക്കും അംഗങ്ങൾക്കും ജുമാ നമസ്കാരത്തിനുള്ള സൗകര്യം വളരെക്കാലമായി അവിടെ ചെയ്തുകൊടുത്തിട്ടുള്ളതു് ഇന്നും നിലവിലുണ്ടു്. ഇന്നു് ഈ തലസ്ഥാനനഗരിയിൽ മുമ്പിലത്തേക്കാളും കൂടുതൽ മുസ്ലിങ്ങളുണ്ടു്. അതുകൊണ്ടു് നിലവിലുണ്ടായിരുന്ന ടൗണിലെ ചെറിയ പള്ളി വികസിപ്പിക്കാനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണു്. കൂടുതൽ ജനസാന്ദ്രത ഉണ്ടാകുന്ന സമയത്തു് പ്രാർത്ഥനയ്ക്കുള്ള സൗകര്യവും കൂടുതലായി ഉണ്ടാക്കണമെന്നുള്ള കാര്യമാണു് ഞാൻ ചൂണ്ടിക്കാണിക്കുന്നതു്. ഞാൻ ആലോചിച്ചിട്ടു് ഇതു സംബന്ധിച്ചു് എന്തെങ്കിലും വിഷമമുണ്ടെന്നു മനസ്സിലാക്കാൻ സാധിക്കുന്നില്ല. അല്ലാ ഹു അകു്ബർ അഥവാ ദൈവം മഹാനാണു്; പ്രാർത്ഥനക്കുള്ള സമയമായി, നിങ്ങൾ പ്രാർത്ഥനക്കു വരിക എന്നു ജനങ്ങളോടു് ഉൽബോധിപ്പിക്കുന്നതിൽ ഇതര മതത്തിൽപെട്ട സഹോദരന്മാർക്കു കോപിക്കാൻ പാടില്ലാത്തതായി ഒന്നും പറയുന്നില്ല. അതു കോപിക്കാൻ ചിലർക്കു് വിഷമമുള്ളതുകൊണ്ടുമാത്രമായിരിക്കണം അതിനനുവാദം തരുന്ന കാര്യത്തിൽ വിഷമമുണ്ടാകാത്തരത്തിൽ ഇതര സമുദായത്തിൽപ്പെട്ട സഹോദരന്മാർ ഉദ്യോഗസ്ഥന്മാർക്കു ഹർജികളും മറ്റും കൊടുക്കുന്നതു്. ഞാൻ ഈ പ്രമേയംമൂലം ആവശ്യപ്പെടുന്നതു് കേരള വ്യാപകമായി ഒരു നിയമം ഉണ്ടാക്കണമെന്നും, തിരുവിതാംകൂർ കൊച്ചി ഭാഗത്തുള്ള അയവെങ്കിലും വരുത്തി നമസ്കാരപ്പള്ളികളും ഉണ്ടാക്കുന്നതിനു് അനുവാദം തരണമെന്നുമാണു്. ജുമായത് പള്ളികളോടനുബന്ധിച്ചു ശ്മശാനങ്ങളുള്ള പ്രദേശങ്ങളുമുണ്ടു്. അതൊന്നും ഞങ്ങൾ ആവശ്യപ്പെടുന്നില്ല. ആളുകൾ കൂടുതൽ കൂടുതൽ ഉണ്ടാകുമ്പോൾ നമസ്കാരത്തിനുള്ള സൗകര്യം നൽകുന്ന പള്ളികൾമാത്രം മതിയെന്നും, പൊതുവഴിയരുകിലാണു പള്ളികളെങ്കിൽ അതിനടുത്തുകൂടി ഇതരസമുദായങ്ങളുടെ ഘോഷയാത്ര പോകുന്നതിനു യാതൊരു വിരോധവുമില്ലെന്നും നേരത്തെ എഴുതിക്കൊടുത്തിട്ടും ഇന്നു് അനുമതി തരുന്നില്ല. എല്ലാവർക്കും ഒരേതരത്തിൽ ഉള്ള സൗകര്യം ഉണ്ടാകണം. ഈ കാര്യം ഗവണ്മെൻറു് അടിയന്തിരമായി ഗാഢമായി പരിശോധിക്കണമെന്നുള്ള അപേക്ഷ ഗവണ്മെൻറിന്റെ മുമ്പിൽ വച്ചുകൊണ്ടു് ഞാൻ ഈ പ്രമേയം സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. പ്രത്യേകിച്ചും അതിന്റെ അവസാനഭാഗത്തെ അതായത്, ഈ സംസ്ഥാനത്തിന്റെ പൊതുവിൽ, ഒരു ഏകീകൃതനിയമം ആവശ്യമാണെന്നുള്ളതിനെ സംബന്ധിച്ച്, ഊന്നിപ്പറയുന്നു. മലബാറിൽ ഇന്നു നിലവിലുള്ള നിയമപ്രകാരം പുതിയ ആരാധനാസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുപോലും വലിയ വിഷമം ഇല്ല എന്നാണ് എന്റെ അറിവ്. പക്ഷേ, പ്രയോഗത്തിൽ ചില വൈഷമ്യങ്ങൾ വന്നിട്ടുണ്ടാവാം. നിലവിലുള്ള നിയമം നടപ്പിൽ വരുമ്പോൾ, കക്ഷികളുടെ പ്രത്യേക നിലകൊണ്ട് ഉദ്ദേശം സാധിക്കാതെ വന്നിരിക്കാം. ആരാധനാസ്ഥലങ്ങൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് അനുവാദത്തിനാവശ്യപ്പെടുമ്പോൾ വല്ലവരും പരാതിക്കാരായി വരും. തർക്കമായി. ചിലപ്പോൾ കാര്യം നീണ്ടുപോകും. അങ്ങിനെയൊക്കെ വന്നിട്ടുണ്ടാകും. മദ്രാസിന്റെ ഭാഗമായി മലബാർ നിലനിന്നിരുന്ന കാലത്ത് ഇതു സംബന്ധിച്ചുണ്ടായിരുന്ന ചട്ടങ്ങളിൽ ഇടയ്ക്കിടെ മാറ്റം വരുത്തീട്ടുണ്ട്. 1958-ൽ ആണെന്നാണെന്റെ ഓർമ്മ. അതനുസരിച്ച് മദ്രസ്സുകൾ ഉണ്ടാക്കാം. ആരാധനാസ്ഥലങ്ങൾ ഉണ്ടാക്കാൻ ലൈസൻസ് എടുക്കണം. കലക്ടർമാരാണതു കൊടുക്കാൻ. ലൈസൻസ് കൊടുക്കുന്ന കാര്യത്തിൽ പലപ്പോഴും വിഷമത ഉണ്ടാകാറില്ല. എന്നാൽ ചിലപ്പോൾ, ബുദ്ധിമുട്ട് വന്നു ചേർന്നിട്ടുണ്ടാകും. പ്രമേയാവതാരകൻ ചൂണ്ടിക്കാണിച്ചതുപോലെ സമുദായസൗഹാർദ്ദത്തിന്റെ പ്രതീകങ്ങളായി, പലതും നമ്മുടെ നാട്ടിൽ കാണാൻ കഴിയും. മറിച്ചും ധാരാളമുണ്ട്. സമുദായസൗഹാർദ്ദത്തെ നിഹനിക്കുന്നതിനും സമുദായവിരോധങ്ങൾ നിലനിർത്തുന്നതിനും ഉദാഹരണങ്ങൾ ഉണ്ട്. വിവിധ സമുദായങ്ങൾ തമ്മിൽ യാതൊരു വൈര്യനിര്യാതനബുദ്ധിയും കൂടാതെ മമതയോടുകൂടി കഴിഞ്ഞുകൂടുന്നതിനുള്ള സാഹചര്യമുണ്ടാക്കിയേ മതിയാവൂ. സമുദായവിരോധം ഉണ്ടാക്കാൻ കൽപ്പിച്ചുകൂട്ടി ശ്രമിക്കുന്നവരുണ്ട്. അക്കൂട്ടത്തിൽ മുസ്ലീമിങ്ങളുടെ ആരാധനാസ്ഥലങ്ങൾക്കു അനുവാദം കൊടുക്കുന്നതു തടയാൻ ശ്രമിക്കുന്നവരുണ്ട്. ന്യായമായ രീതിയിൽ ഇതിനു പരിഹാരം കാണണം. 1958-ൽ വരുത്തിയ ഭേദഗതികളെ തുടർന്നു മുസ്ലീംങ്ങൾക്കു നമസ്കാരപള്ളികളും ജുമാ അത്ത് പള്ളികളും പുതിയതായി സ്ഥാപിക്കുന്നതിനു തടസ്സങ്ങൾ കുറഞ്ഞിട്ടുണ്ടെന്നാണു ഞാൻ മനസ്സിലാക്കുന്നതു. ഇനിയും വിഷമതകളുണ്ടെങ്കിൽ അതു പരിഹരിച്ചുകൊടുക്കണം. നിലവിലുള്ളവ റിപ്പയർ ചെയ്യുന്നതിനു ആരുടേയും അനുവാദം വേണ്ട. പുതിയവയുണ്ടാക്കാൻ വിഷമം കൂടാതെ ലൈസൻസു കൊടുക്കണമെന്നാണു നിർദ്ദേശം. പിന്നെയും പ്രയാസങ്ങളുണ്ടെങ്കിൽ അതു തീർക്കണം.

ഈ റെസല്യൂഷനിൽ പറയുന്ന പ്രസക്തമായ ഭാഗം ഒരു ഏകീകൃതമായ നിയമം സംസ്ഥാനത്തു ഉണ്ടാക്കണം എന്നുള്ളതാണു. ഇന്നു തിരു-കൊച്ചി ഭാഗത്തു നിലവിലുള്ള നിയമം കൂടുതൽ സൗകര്യമാണു എന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ പറയുന്നതു കേട്ടു. അതെല്ലാം പരിശോധിച്ചു ഒരു ഏകീകൃത നിയമം കൊണ്ടുവരാൻ എന്താണു വൈഷമ്യം ? അക്കാര്യത്തിൽ ഇനിയും താമസം വരുന്നതു ശരിയല്ല. വിവിധ മതക്കാരും സമുദായക്കാരും തമ്മിൽ വഴക്കുകളും വക്കാണങ്ങളും ഉണ്ടാക്കാൻ ഇടയാക്കുന്നതു കഷ്ടമാണു. സമുദായസൗഹാർദ്ദം നിലനിറുത്താനാവശ്യമായ നടപടികളും എടുക്കാൻ ഇനി ഒട്ടും താമസിപ്പിച്ചുകൂടാ. നിലവിലുള്ള എല്ലാ നിയമങ്ങളും പരിശോധിച്ചു, ഉടനടി ഒരു ഏകീകൃത നിയമം കൊണ്ടുവരണമെന്നാണു പ്രമേയത്തിന്റെ കാതലായ ഭാഗം. അതുവഴി ഈ പ്രശ്നത്തിനു ന്യായമായ പരിഹാരം കണ്ടെത്താൻ കഴിയും. ആരാധനാസ്ഥലങ്ങളെ സംബന്ധിച്ചുള്ള എല്ലാ തടസ്സവും ഒഴിവാക്കാൻ നടപടി എടുക്കണം. വഴക്കുണ്ടാക്കുവാനുള്ള വഴികളടച്ചുകളയേണ്ടതു അത്യാവശ്യമാണു. മലബാറിൽ നിലവിലുള്ള ചട്ടങ്ങൾ നടപ്പാക്കുമ്പോൾ അതു മുസ്ലീമിങ്ങളുടെ ആരാധനാസ്ഥലങ്ങൾ നിർമ്മിക്കുന്നതിനു അനുകൂലമായിത്തീരണമെന്നു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു. എല്ലാ മതക്കാർക്കും ആരാധനാസ്ഥലങ്ങളുണ്ടാക്കുന്നതിനു സൗകര്യമുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ അവർക്ക് ഉറപ്പ് കൊടുക്കുകയും അതിനെ കാത്തുരക്ഷിക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ ഈ സംസ്ഥാനത്തിന് ഒരു ഏകീകൃതനിയമം ഉണ്ടാക്കാൻ ഇനി ഒട്ടും വൈകിച്ചുകൂടാ എന്നു ഞാൻ ഉൽബോധിപ്പിക്കുന്നു.

ശ്രീ. കെ. ഹസ്സൻഗനി : നമ്മുടെ ഭരണഘടന ആരാധനാസ്വാതന്ത്ര്യം അനുവദിച്ചിരിക്കുകയാണ്. കേരളത്തിലെ ജനസംഖ്യ വർദ്ധിച്ചുകൊണ്ടു വരികയാണ്. ഇന്നു മലബാറിലുള്ള നിയമമനുസരിച്ചു കളക്ടറുടെ സ്പെഷ്യൽ സാംഗ്ഷൻ പുതിയ പള്ളികളും പണിയുന്നതിനു ആവശ്യമാണ്. അതുതന്നെയാണ് ശ്രീമാൻ ഈ. പി. ഗോപാലൻ ചൂണ്ടിക്കാണിച്ചതുപോലെ പ്രായോഗികമായ തടസ്സങ്ങളും വളരെ ഏറെ ഇക്കാര്യത്തിൽ ഉണ്ടെന്നുള്ളതു ഒരു വസ്തുതയാണ്. ആരെങ്കിലും പുതിയതായി ഒരു പള്ളി പണിയുന്നതിനു കളക്ടറോട് അനുവാദത്തിനപേക്ഷിച്ചാൽ അതിനു ഉടനെതന്നെ അറിഞ്ഞുകൊണ്ടു കുറെ കംപ്ലെയിൻസ് എല്ലാം വരും. ഈ കംപ്ലെയിൻസിൽ പറഞ്ഞിരിക്കുന്നതു, ചിലപ്പോൾ ഈ വാങ്കു വിളിക്കുന്നതു കേൾക്കുന്നതു വളരെ അരോചകമാണെന്നുംമറ്റുമുള്ള കാരണങ്ങളും കാണിക്കാറുണ്ട്. അപ്പോൾ ഏതു ജാതിയിൽപെട്ട വനാണോ അതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും റിപ്പോർട്ട് അന്വേഷണഉദ്യോഗസ്ഥൻ അയയ്ക്കുന്നതു. സാധാരണ ഈ വാങ്കു വിളിക്കുക എന്നു പറഞ്ഞാൽ 'അള്ളാഹു അകുബർ' അതിന്റെ അർത്ഥം ദൈവം ഏറ്റവും വലിയവനാണ്, നിങ്ങളും നമസ്കാരത്തിനു വരുവിൻ, വലതുവശത്തുള്ളവനും ഇടത്തുവശത്തുള്ളവനും നമസ്ക്കാരത്തിനു വരുവിൻ എന്നാണ്. അതിന്റെ അർത്ഥം മനസ്സിലാക്കാതെ ഇങ്ങനെ കംപ്ലെയിന്റുകളും അയയ്ക്കാറുണ്ട്. കാരണം അന്വേഷണഉദ്യോഗസ്ഥൻ ഏതു ജാതിയിൽപെട്ടവനാണോ അതിനെ ആശ്രയിച്ചിരിക്കും അതിനുള്ള അനുവാദം ലഭിക്കുന്നതു. ആ വസ്തുതകളും എല്ലാം പരിഗണിച്ചുകൊണ്ടായിരിക്കും കമ്മ്യൂണിസ്റ്റു ഗവണ്മെന്റിന്റെ കാലത്തു ഗവണ്മെന്റു അന്നു ചില കാര്യങ്ങളും അതേസംബന്ധിച്ചിടത്തോളം റൂൾസിൽ മാറ്റങ്ങളും ചെയ്തതു. അന്നു ചെയ്തതു ശരിയാണ്. പുതിയ മദ്രസായോ പള്ളി പുതുക്കിപ്പണിയുന്നതിനോ ഉള്ള റിസ്ട്രിക്ഷൻസു് എടുത്തുകളഞ്ഞു. എന്നാൽ മുസ്ലീം പള്ളികളും പണിയുന്നതിനുള്ള കാര്യം വരുമ്പോൾ എല്ലാം ഒബ്ജക്ഷൻസു കാണും. ആ വസ്തുതകളും എല്ലാം ഒന്നു പരിശോധിച്ചു എല്ലാ സമുദായങ്ങൾക്കും, മുസ്ലീം സമുദായത്തിനും ഹിന്ദുസമുദായത്തിനും ക്രിസ്ത്യൻ സമുദായത്തിനും ഒരുപോലെ ആരാധനാസൗകര്യം ലഭിക്കുന്നതിനുള്ള, സ്വാതന്ത്ര്യം നൽകുന്നതിനുള്ള ഒരു നയം ഗവണ്മെന്റു സ്വീകരിക്കണം. നിയമങ്ങളും അതിനു തടസ്സമായി നിൽക്കുന്നു എന്നുണ്ടെങ്കിൽ ആ നിയമങ്ങളും മാറ്റുന്നതിനും ഏകീകൃതമായ ഒരു നിയമം കേരളത്തിനൊട്ടാകെ കൊണ്ടുവരുന്നതിനും ഗവണ്മെന്റു ഉടനെ നടപടി എടുക്കണം. വളരെക്കാലമായി പ്രത്യേകിച്ചും മലബാറിലെ മുസ്ലീങ്ങളും ഗവണ്മെന്റിനോടു അഭ്യർത്ഥിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ് ഇതു. അതിനാവശ്യമായ നടപടി ഉടനെതന്നെ എടുക്കണമെന്നു ഞാൻ ഗവണ്മെന്റിനോടഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഈ റസല്യൂഷനെ പിൻതാങ്ങുന്നതിനു എനിക്കു വളരെ സന്തോഷമുണ്ട്. ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ സമുദായങ്ങളുടെ ആരാധനാസൗകര്യത്തിനായി അമ്പലം, പള്ളി, ചർച്ച് ഇവ ഇവിടെ നിർമ്മിക്കുന്നതിനു ഒരു ഏകീകൃതമായ നിയമം ഇവിടെ ഉണ്ടാകണം.

Mr. Speaker : There is an amendment by Shri M. Narayana Kurup. The member can move the amendment.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഞാൻ പറയുന്നതു രണ്ടു മിനിട്ടുകൊണ്ടു് അങ്ങു തീർത്തേക്കാം.

Mr. Speaker : No. You can speak only after the moving of the amendment by Shri Narayana Kurup.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ഭേദഗതി ഇപ്പോൾ അവതരിപ്പിച്ചിട്ട പ്രസംഗം പിന്നെ മതിയെന്നാണോ ? മി. ചാഴിക്കാടൻ പ്രസംഗിച്ചുകഴിഞ്ഞിട്ടുമതി.

Mr. Speaker : Then let Mr. Chazhikatt continue.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അങ്ങയുടെ ദയവിനു നന്ദി പറഞ്ഞുകൊണ്ട് ഞാനെന്റെ പ്രസംഗം തുടരുന്നു. ഞാൻ ഇന്നലെ ഒരു പുസ്തകം വായിക്കുകയുണ്ടായി. അതായതു്, യൂറോപ്പിൽ ഇപ്പോൾ കാണുന്ന കുഴപ്പങ്ങൾക്കെല്ലാംതന്നെ കാരണം ദൈവത്തിനു അവിടെ സ്ഥാനം ഇല്ലാതെവന്നതുകൊണ്ടാണു്, യൂറോപ്പിൽ ദൈവത്തിനു് സ്ഥാനമില്ലാത്തതുകൊണ്ടു് യൂറോപ്പ് നശിക്കാൻ പോകുന്നു എന്നു്. എന്നു പറഞ്ഞതുപോലെ ഇവിടെ ആരാധനാസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും അവ ശരിപ്പെടുത്തുന്നതിനും ഒന്നുമുള്ള സൗകര്യങ്ങൾ ഇന്നു വേണ്ടതുപോലെ അനുവദിച്ചുകൊടുക്കാതിരിക്കുകയാണു്. തെയ്യൽ കേസിനെപ്പറ്റി നാം കേട്ടുകഴിഞ്ഞിട്ടുണ്ടു്. അവിടെ ആരാധനാസ്ഥലത്തെ സംബന്ധിച്ചിടത്തോളം സമുദായങ്ങൾതമ്മിൽ വഴക്കും മറ്റും ഉണ്ടായതായിരുന്നില്ല. ഇങ്ങനെ സാമുദായികമായിട്ടുള്ള വഴക്കുകളും കേസുകളും ഈ തെയ്യൽ കേസു് ഉൾപ്പെടെയുണ്ടു്, ഇന്നു പല സ്ഥലങ്ങളിലും നടക്കുന്നു. തെക്കൽ സംഭവത്തെ സംബന്ധിച്ചിടത്തോളം ആരാധനാസ്ഥലവും ശ്മശാനവും വീടിനു വളരെ അടുത്തായിപ്പോയി എന്നും ശ്മശാനം വീടിരിക്കുന്നിടത്തുനിന്നും ഇരുപതടിയോ മുപ്പതടിയോ അൻപതടിയോ ഒക്കെ അകലത്തിലായിരിക്കണമെന്നു് ഓരോരുത്തർ ഉത്തരവിടുക, അതിനെ സംബന്ധിച്ചു ഹൈക്കോടതിവരെ കേറി. ഈ നിയമസഭാതലത്തിൽതന്നെ എത്ര മാത്രം ഒച്ചപ്പാടുണ്ടായി. അവിടെയും ഇവിടെയും പ്രവേശിക്കാൻ പാടില്ലാ എന്നു് ഒരുകൂട്ടർ, ഇങ്ങനെയുള്ള ഒരു പരിതസ്ഥിതി ഇന്നീരാജ്യത്തുണ്ടു്. ആ പാളയത്തോട്ടു ഒന്നു ചെന്നു നോക്കിയാൽ അവിടെ ഒരു ഹിന്ദു ടെമ്പിളുണ്ടു്. അതിനു വളരെ അടുത്തായി ഒരു വലിയ മുസ്ലീം ദേവാലയം നിൽക്കുന്നു. അതിനോടു തൊട്ടടുത്തുതന്നെ ഒരു വലിയ ക്രിസ്ത്യൻ ദേവാലയവും നിൽക്കുന്നു. അവ അങ്ങനെ അടുത്തടുത്തു ഇരിക്കുന്നു. അവ എത്ര ഭംഗിയായിരിക്കുന്നു. ക്രിസ്ത്യൻ ദേവാലയവും ഹിന്ദു ടെമ്പിളും എല്ലാം എത്ര അടുത്തിരിക്കുന്നു. അവിടെ ഒരു സമുദായവഴക്കോ, ഒന്നുമില്ലാതെ വളരെ മമതയോടുകൂടിക്കഴിയുന്നു. മറ്റു ചില സ്ഥലങ്ങളിൽ ചെന്നാൽ ഹിന്ദു ദേവാലയങ്ങളുടെ അടുത്തു മുസ്ലീം ദേവാലയമോ, ക്രിസ്ത്യൻ ദേവാലയമോ ഉണ്ടായാൽ ഉടനെ അവിടെ സമുദായങ്ങൾ തമ്മിൽ വഴക്കായി. അങ്ങനെ സമുദായസൗഹാർദ്ദം നശിപ്പിക്കത്തക്ക വിധത്തിൽ ഇന്നത്തെ നിയമം തെറ്റായിട്ടാണു് ഇരിക്കുന്നതു്. അതിന്റെ സ്ഥാനത്തു ശരിയായ ഒരു നിയമം ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീങ്ങളും സമുദായസൗഹാർദ്ദത്തോടുകൂടി കഴിയത്തക്കവണ്ണം ആരാധനാസൗകര്യങ്ങൾ ഉണ്ടാകത്തക്കവണ്ണം നമ്മുടെ കേരളത്തിനൊട്ടാകെ ബാധകമാകുന്ന ഒരു നിയമമുണ്ടാക്കി ദൈവത്തെ ആരാധിക്കുന്നതിനു അതാതു വിഭാഗത്തിൽപ്പെട്ടവർക്കു സൗകര്യമുണ്ടാക്കുന്നതിനു സഹായകമായ ഒരു നിയമം ഉണ്ടായിരിക്കേണ്ടതു രാജ്യത്തിന്റെ രക്ഷയ്ക്കും സമുദായസൗഹാർദ്ദത്തിനും ഏറ്റവും ആവശ്യമായിട്ടുള്ളതാണു്. അതുകൊണ്ടു ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ ആരാധനാസ്ഥലങ്ങളെയെല്ലാം ഏകീകൃതമായ ഒരു നിയമത്തിന്റെ കീഴിൽ കൊണ്ടുവരേണ്ടതു രാജ്യത്തിന്റെ രക്ഷയ്ക്കും രാജ്യത്തിന്റെ പുരോഗതിക്കും അത്യാവശ്യമായിട്ടുള്ളതാകയാൽ ഈ റസല്യൂഷനെ ഞാൻ പൂർണ്ണമായി പിൻതാങ്ങുന്നു.

[Deputy Speaker in the Chair]

ശ്രീ. എം. നാരായണക്കുറുപ്പ് : മാഡം, പ്രമേയത്തിൽ, 'എടുത്തു കളയുവാനും' എന്നതിനുപകരം 'പരിശോധിക്കുവാനും' എന്നു ചേർക്കുക. ഇതാണു് എന്റെ ഭേദഗതി. ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്ന സമയത്തു് പ്രസംഗിക്കാൻ വിചാരിച്ചിരുന്നതൊക്കെ ശ്രീ. ഈ. പി. ഗോപാലൻ പറഞ്ഞുകഴിഞ്ഞിരിക്കുകയാണു്. ഇനി എന്തു പറയണം എന്നു് എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

അറിഞ്ഞുകൂടാ. ഈ ഭേദഗതി അവതരിപ്പിക്കണമോ എന്നതന്നെ ഞാൻ സംശയിക്കുകയായിരുന്നു, പക്ഷേ, അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോഴാ അതിനു് എന്നെ ധൈര്യപ്പെടുത്തി. ശരിയായ ഒരു പ്രശ്നത്തിന്റെ നേരേ കണ്ണടച്ചിട്ടു കാര്യമില്ല. ഈ പ്രമേയാവതരകൻ സൂചിപ്പിച്ചതുപോലെ, കമ്മ്യൂണിസ്റ്റു മന്ത്രിസഭയുടെ കാലത്തുതന്നെ ഇതു പരിശോധിച്ചതാണു്. അന്നു താൽക്കാലികമായി ആ പ്രദേശത്തുണ്ടായിരുന്ന ഈ ഏർപ്പാടു പരിശോധിക്കുകയും, ആവശ്യമെന്നുതോന്നിയ ചില ഭേദഗതി വരുത്തുകയും ചെയ്തു. സാധാരണയിൽകവിഞ്ഞ മതപക്ഷപാതിത്വംകൊണ്ടു്, ഇങ്ങനെയുള്ള അപരിഷ്കൃതമായ ചട്ടങ്ങൾക്കു കമ്മ്യൂണിസ്റ്റു ഗവണ്മെന്റു അനുവാദം നൽകിയെന്നു വിചാരിക്കാൻ കാരണമില്ല. ഇപ്പോഴാ ഇവിടെ പറഞ്ഞതിൽനിന്നു മനസ്സിലാക്കേണ്ടതു്, ചട്ടങ്ങളേക്കാളും ഏറെ അവയുടെ നടത്തിപ്പിന്റെ ദോഷമാണെന്നാണു്. എങ്കിൽ അവ പരിശോധിക്കപ്പെടണം. ഒരു മതേതരരാഷ്ട്രമായ നമ്മുടെ രാജ്യത്തു എല്ലാ മതക്കാർക്കും ഇന്നു സ്വാതന്ത്ര്യമുണ്ടു്. എല്ലാ വ്യക്തികൾക്കും സ്വാതന്ത്ര്യമുണ്ടു്. സ്വാതന്ത്ര്യത്തിന്റെ പരിമിതിയെപ്പറ്റി പറയുമ്പോഴാ, തെരുവിൽകൂടി, രണ്ടുകൈയും വീശി സ്വതന്ത്രമായി നടന്നാൽ, മറ്റുള്ളവരുടെ ദേഹത്തു തട്ടിയാൽ അതു ആപത്താകും. അതുപോലുള്ള ചില പരിമിതികളാ ഓരോ മതവിഭാഗക്കാർക്കും ആവശ്യമാണു്. ഞാൻ ആ ഭാഗത്തേയ്ക്കു കൂടുതൽ കടക്കണമെന്നു വിചാരിക്കുന്നില്ല. അറേബ്യയിൽനിന്നു് 13 ആളുകളാ കേരളത്തിൽ കുടിയേറിയവരാണു് ഇന്നു 18 ലക്ഷമായി വളർന്നു വന്നിട്ടുള്ളതെന്നു മനസ്സിലാക്കിയാൽ, ഇവിടത്തെ മതസഹിഷ്ണുത എത്രമാത്രമെന്നു കാണാം. മതസഹിഷ്ണുതയോടും, അനുകൂലമനോഭാവത്തോടും ഇതരമതക്കാരോടു പെരുമാറിയിട്ടുണ്ടെന്നുള്ളതിനു് ചരിത്രപരമായ തെളിവുകളാ ഉണ്ടു്. മതത്തിന്റെ പേരിൽ ഒന്നും ആക്കും നിഷേധിച്ചിട്ടില്ല. മറ്റു വല്ല കാരണവും കൊണ്ടായിരിക്കും ഇന്നു കുഴപ്പം ഉണ്ടാകുന്നതു്. മതം മനുഷ്യൻ ഉണ്ടായകാലം മുതൽക്കേ ഉള്ളതാണെന്നാണു് എന്റെ വിശ്വാസം. പേരിലും, സങ്കല്പത്തിലും അല്പസ്വല്പ വ്യത്യാസം കാണും. പലപ്പോഴും മതത്തിന്റെ അന്തസ്സത്തയ്ക്കു സമാനതാ കാണുന്നുണ്ടു്. പ്രമേയാവതാരകൻ ഒരു സംഗതി സൂചിപ്പിച്ചു. ഉള്ളകാര്യം മറച്ചുവയ്ക്കേണ്ട കാര്യമില്ലല്ലോ. പള്ളിയുടെ മുമ്പിൽകൂടി ഏതു ഘോഷയാത്രയും നടത്താൻ വിരോധമില്ല എന്നദ്ദേഹം പറഞ്ഞു. ഈ സഭയിൽതന്നെ ഒന്നരണ്ടുകൊല്ലം മുൻപു് റിസർവ്വു പോലീസു പോകലും, 144 പ്രഖ്യാപിക്കലും ഉണ്ടായതിനെപ്പറ്റി ചർച്ച നടക്കുകയുണ്ടായി. കേവലം നിസ്സാരമായ ഒരു സംഗതിയെ ആസ്പദിച്ചാണു് ഇതൊക്കെ ഉണ്ടായതു്. ഇന്നു ഈ സഭയിൽ നൽകിയ ഉറപ്പു്, ഉന്നതന്മാരായ മതനേതാക്കന്മാരുമായി കൂടിച്ചേർന്നു ഒരു പരസ്പരധാരണയിൽ എത്തിച്ചേർന്നതിനുശേഷം സ്വീകരിച്ചാൽ ഈ ഗവണ്മെൻറിന്റെ ഇടപെടലോ, ഒരു നിയമമോ കൂടാതെതന്നെ ഈ പ്രശ്നം പരിഹരിക്കപ്പെടുമെന്നാണു എന്റെ വിശ്വാസം. ഈ വസ്തുത ഈ സഭ മുൻപാകെ വച്ചുകൊണ്ടു് എന്റെ ഭേദഗതി അവതരിപ്പിക്കുകയാണു്.

Shri. Hameed Ali Shemnad : Madam, I support the resolution moved by my friend Shri Moideenkutty Haji. I myself had submitted a memorandum to the former Home Minister, Shri P. T. Chacko and also explained to him the various difficulties that are being experienced by the minority community in the Malabar area in the matter of constructing prayer halls or mosques. He assured me then that he would study this problem and would bring forward some rules so that there might be uniform rules and regulations for the whole of the State.

Today, the mover of the resolution pointed out the difficulties that are being experienced by the Muslim minority in the Malabar area. If a person wants to construct a prayer hall or mosque in his own compound, say just within his jenmom land, in front of his own house and asks for permission, the Revenue officers of the Government usually reject permission for that on flimsy technical grounds. I may

LIBRARY ARCHIVES Kerala Legislative Assembly

[Shri Hamid Ali Shemnad]

point out one such example. A gentleman in the Kasargod town sought permission for constructing a mosque in his own compound and he has given it in writing, stating that it was his own Jenmom land and he would not object to the music being played or procession being taken in front of the mosque. But the reply he received from the Collector was that permission for constructing a mosque was rejected. What that man did was that he constructed an office building for his use and muslims were called there to perform prayers, and nobody raised any objection. Muslims are going to that office building and they are praying there. If permission for the construction of a mosque there, was granted, that building would have known by the name 'mosque'. But now it is known as the office building of the person. After all, Muslim mosque is nothing. It is only a prayer hall and there is no image or statue. We used to pray in our own houses and in the rooms of the M. L. A. quarters. Mosque is only a building with halls and there is nothing more than that. We used to gather there and pray. I request the Government to consider this question and remove the hardships.

Shri Narayana Kurup pointed out that some discontent is being created in taking procession in front of the mosques. I perfectly agree with that. We cannot hide facts. There were some such cases in Malabar especially in Calicut and Kasaragod side, say in Kumbla and Manjeswaram. I can assure that the Muslim leaders will not object to processions being taken in front of the mosque. Usually when permission is asked in advance for constructing a new mosque, the authorities are not giving sanction mainly on the ground that we object to processions being taken in front of the mosque. Government may by issuing a G.O. or Circular permitting the construction of new mosques on the ground that the mosque authorities will not object to the procession being taken in front of the mosques.

ശ്രീ. എം. നാരായണക്കുറുപ്പ് : അങ്ങനെയൊരു സർക്കുലറിനേക്കാൾ, ഒരു പരസ്പരധാരണയുടെ ഫലമായുണ്ടാകുന്ന സമുദായ സൗഹാർദ്ദമല്ലേ പലരുകയുള്ളൂ ?

Shri Hamid Ali Shemnad : Yes. On agreement it is possible. I can assure Shri Kurup that nobody will object to the procession being taken in front of any mosque.

ശ്രീ. ആർ. ശങ്കർ: മാഡം, ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടും, പിൻതാങ്ങികൊണ്ടും പ്രസംഗിച്ച ബഹുമാനപ്പെട്ട അംഗങ്ങളും, ഇന്ന് ഈ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളും തമ്മിൽ ഈ വിഷയം സംബന്ധിച്ച നിലവിലിരിക്കുന്ന ചട്ടങ്ങളിലുള്ള വ്യത്യാസത്തെ എടുത്തു കാണിക്കുകയും, അതു് ഏകീകരിക്കണമെന്നാവശ്യപ്പെടുകയുമാണു് മുഖ്യമായി ചെയ്തിരിക്കുന്നതു്. ആ തത്വത്തോടു ഗവണ്മെന്റു യോജിക്കുന്നു. ഇങ്ങനെ നിയമം ഉണ്ടാക്കാൻ ഇടയായിട്ടുള്ളതു്, മതത്തിന്റെപേരിലും, സമുദായത്തിന്റെ പേരിലും അമിതമായ വികാരപ്രകടനങ്ങളും നടത്താൻ മടിയില്ലാത്ത ആളുകളും സാഹചര്യങ്ങളും പല സ്ഥലത്തും നിലവിലിരുന്നതുകൊണ്ടാണു്. ഇൻഡ്യയുടെ മറുഭാഗങ്ങളിലും ഇതു് ഒരളവിൽ ഉണ്ടായിരുന്നതായി നമുക്കറിയാം. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഈ നിയമം ഉണ്ടാക്കിയതു് ഏതാണ്ടു് ഇൻഡ്യാഗവണ്മെന്റു് ഇതുസംബന്ധിച്ചു ആവിഷ്കരിച്ചു സ്വീകരിച്ച തത്വങ്ങളെ ആസ്പദമാക്കിയാണു്. പഴയ തിരുവിതാംകൂറിലെനിയമം താരതമ്യേന ലഘുവായിരുന്നു. എങ്കിലും രണ്ടു പ്രധാന റസ്ട്രിക്ഷൻ വച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും ഒരു പുതിയ ആരാധനാസ്ഥലം ഉണ്ടാക്കുകയോ, ഏതെങ്കിലും ഒരു കെട്ടിടം ആരാധനാസ്ഥലമായി മാറ്റുകയോ ചെയ്യുമ്പോഴും രണ്ടു റസ്ട്രിക്ഷൻ വച്ചിരുന്നു. ആ രണ്ടു പരിമിതികളും ഇവയാണു്: ഒന്നു്, മറ്റൊരു ആരാധനാസ്ഥലവുമായി വളരെ അടുത്തായിരിക്കാൻ പാടില്ല. പിന്നെയൊന്നു്, അങ്ങനെയൊരു ആരാധനാസ്ഥലം പുതുതായി വരുന്നതുകൊണ്ടു് അവിടത്തെ നിയമപാലനത്തിനു വൈഷമ്യം വരാൻപാടില്ല. അങ്ങനെ രണ്ടു വ്യവസ്ഥകളും ഉണ്ടായിരുന്നു. പക്ഷേ, ആ വ്യവസ്ഥകളും ലംഘിച്ചാൽ എന്തു ശിക്ഷ നൽകുമെന്നുള്ളതിനു് പ്രൊവിഷൻ ഉണ്ടായിരുന്നില്ല. അതിനുപകരം, അന്നത്തെ തിരുവിതാംകൂറിൽ, പീനൽ കോഡിലെ പ്രൊവിഷൻ പ്രകാരം 500 രൂപാ വരെ പിഴ ശിക്ഷ നൽകാമെന്നുണ്ടായിരുന്നു. 1951–ൽ ഇൻഡ്യാഗവണ്മെൻറിൻെറ പീനൽ കോഡു വന്നപ്പോഴും ആ നിയമം പോയി. പിന്നെ തിരുവിതാംകൂറിൽ ഇതിനു് റസ്ട്രിക്ഷൻ ഒന്നും ഇല്ലാത്ത സ്ഥിതിയാണുള്ളതു്. കൊച്ചിയിലും ചില റസ്ട്രിക്ഷൻ ഉണ്ടായിരുന്നു. അതുസംബന്ധിച്ചു ചില നടപടികളും നടന്നിരുന്നു. മലബാർ പ്രദേശത്തു്, മദിരാശിയിലെ റിഫാംഡു ബിൽഡിംഗ്സു ആക്ടനുസരിച്ചായിരുന്ന ചില റെസ്ട്രിക്ഷൻ ഉണ്ടായിരുന്നതു്: അങ്ങനെ ചില റെസ്ട്രിക്ഷൻ മലബാറിൽ ഉണ്ടായിരുന്നതു് കുറേയൊക്കെ ചരിത്രപരമായ കാരണങ്ങളും കൊണ്ടു കൂടിയാണു്. പഴയ തിരുവിതാംകൂറിനേയും, പഴയ കൊച്ചിയേയും അപേക്ഷിച്ചു മതപരമായ ടെൻഷൻ മലബാറിൽ അല്പം കൂടിയിരുന്നതാണു് അങ്ങനെ റെസ്ട്രിക്ഷൻവയ്ക്കാൻ കാരണമെന്നു തോന്നുന്നു. ഇപ്പോഴും ആ നിലതുടരുകയാണു്. ക്രമസമാധാനം പാലിക്കാൻ ബാദ്ധ്യതപ്പെട്ട കളക്ടർമാർ, ഇങ്ങനെ അനുവാദം നൽകാൻ അവസരമുണ്ടാകുമ്പോഴും വിദൂരമായിട്ടുപോലും ക്രമസമാധാനം പാലിക്കാൻ വൈഷമ്യം നേരിടുമെന്നു തോന്നിയാൽ ഇന്നുള്ള അധികാരം വിനിയോഗിച്ചു് തടസ്സങ്ങളും ഉണ്ടാക്കിയിരുന്നു. അതിനു് ഇന്നൊരു മാറ്റം വന്നിട്ടുണ്ടു്. ആ മാറ്റം വന്നതു് അടുത്തകാലത്തു പുറപ്പെടുവിച്ചിട്ടുള്ള ഒരു ആർഡർമൂലമാണു്. ആ ആർഡർ ഞാൻ വായിക്കാം:

"Any alteration in or extension of or construction of any building intended for public worship or religious purposes may be effected with out the prior approval of the Collector of the District provided such work is within the existing compound where the worship or religious functions are carried out.

In regard to other cases where there are no existing rules or laws the prior permission of the Collector of the District is necessary. Liberal approach should be made in favour of granting permission, care being taken however to protect public order and public health.

Madrassa or other religious institutions or part of any which are not intended for public worship or religious purposes, may be treated as falling out of the rules regarding prior approval."

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഈ ഓർഡർ ഏതു തീയതിയിലുള്ളതാണെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ: 7–6–57–ൽ ഓർഡർ വന്നതിനുശേഷം വാസ്തവത്തിൽ പല ബുദ്ധിമുട്ടുകളും വന്നുകൂടാത്തതാണു്. ഇതിൽ സബ്ജക്റ്റു റൂൾ പബ്ലിക്കു് ഓർഡർ എന്നു പറഞ്ഞതുകൊണ്ടു് കളക്ടർ കുറച്ചുകൂടി ശ്രദ്ധയായിരിക്കും. വ്യക്തിപരമായി ഈ കാര്യങ്ങളും കൈകാര്യം ചെയ്യുന്നതു അവരവരുടെ മനോവ്യാപാരത്തെ ആശ്രയിച്ചിരിക്കും. വളരെയധികം റെസ്ട്രിക്ഷൻ ഉണ്ടെന്നു പറയുന്നതു ശരിയല്ല. ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ഇതു പെട്ടിട്ടുണ്ടു്. കഴിയുന്നിടത്തോളം ആക്ഷേപം വിഷമം ഉണ്ടാകാൻ ഇടയില്ലാത്തവിധം നിയമം കൊണ്ടുവരാമോ എന്നു ആലോചിച്ചുവരികയാണു്. അങ്ങനെയുള്ള നിയമങ്ങളും വളരെ താമസിയാതെതന്നെ ഉണ്ടാകുകയും ചെയ്യും. അല്ലാതെ ഇന്നു മലബാറിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

നിലവിലുള്ള അല്പം ചില നിയമങ്ങൾ എടുത്തു കളയുന്നതു ബോധപൂർവ്വമാണെന്നു തോന്നുന്നില്ല. ഈ വ്യത്യാസം വരുത്താതെ നോക്കാം. ആ നിലയ്ക്കു പ്രത്യേക പരാതിയില്ലാതെയിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണു്. പ്രമേയം പിൻവലിക്കണമെന്നു അപേക്ഷിക്കുകയാണു്.

Mr. Speaker: Mr. Narayana Kurup, do you press your amendment?

Shri M. Narayana Kurup: I do not press my amendment.

Amendment moved by Shri M. Narayana Kurup was, by leave, withdrawn.

Mr. Speaker: Mr. Moideenkutty Hajee do you press your resolution?

Shri Moideenkutty Hajee: I do not press.

The Resolution moved by Shri Moideenkutty Hajee, was by leave withdrawn.

RESOLUTION II

Vigorous propaganda about the injurious effects of smoking.

ശ്രീ. എം. സി. എബ്രഹാം: സർ, ഞാൻ എന്റെ റസലൂഷൻ അവതരിപ്പിക്കുകയാണു്.

'This House is of opinion that the Public Health Department should carry on vigorous propaganda about the injurious effects of smoking'. ഏറ്റവും മിതമായി പറഞ്ഞാൽ വളരെയധികം ആളുകൾ പുകവലിക്കുന്നുണ്ടെങ്കിലും, പുകവലിമൂലം മനുഷ്യ ആയുസ്സിന്റെ ദൈർഘ്യം കുറയുന്നുണ്ടെന്നുള്ളതു് ഇന്നു പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു വസ്തുതയാണു്. പുകവലിയുടെ ദൂഷ്യത്തെ സംബന്ധിച്ചു ജനങ്ങളെ ബോധവാന്മാർ ആക്കിതീർക്കുന്നതിനുള്ള കാര്യമായിട്ടുള്ള യാതൊരു പരിപാടിയും പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തുന്നില്ല എന്നാണെന്റെ അഭിപ്രായം. ഈ ദുശീലത്തിനു വളരെ പ്രചുരപ്രചാരം സിദ്ധിച്ചുവരുന്നുണ്ടു്. എല്ലാ സ്ഥലത്തും എല്ലാ ആളുകൾക്കും പുകവലിക്കുന്നതിൽ പ്രാധാന്യം കല്പിച്ചുകൊണ്ടിരിക്കുകയാണു്. വിദ്യാർത്ഥികളുടെ കാര്യം പറയുകയാണെങ്കിൽ ലോവർ പ്രൈമറി വിദ്യാർത്ഥികൾ മുതൽ കോളേജു വിദ്യാർത്ഥികൾ വരെയുള്ളവർ ഇന്നു പുകവലിയിൽ അതീവ തൽപ്പരരായിട്ടാണു് കാണുന്നതു്. അവരുടെയിടയിൽ ഇതിനുള്ള പ്രചാരം വർദ്ധിച്ചുവരികയാണു്. ഇതിനുള്ള പ്രധാനമായിട്ടുള്ള കാരണം പുകവലിക്കുന്നതിനുള്ള, അതിനു പ്രോത്സാഹനം നൽകുന്ന പ്രചരണങ്ങൾ വളരെ ശക്തിയായിട്ടു നടക്കുന്നുണ്ടെന്നുള്ളതാണു്. സിഗററ്റു, ബീഡി തുടങ്ങിയവ നിർമ്മിക്കുന്ന വ്യവസായികൾ ഇവയ്ക്കു വമ്പിച്ച തോതിലുള്ള വില്പന കിട്ടുന്നതിനുവേണ്ടി വളരെ ശാസ്ത്രീയമായ രീതിയിലും ശക്തിമത്തായ രീതിയിലും പ്രചരണങ്ങൾ നടത്തിവരുന്നുണ്ടു്. പുകവലിക്കുന്നതുകൊണ്ടു യാതൊരു ദോഷവുമില്ല, ആരോഗ്യത്തിനു വളരെ ഒഴിച്ചുകൂടാൻപാടില്ലാത്ത കാര്യമാണു് എന്നുള്ള വിവരങ്ങൾ അടങ്ങിയ തെററായ രീതിയിലുള്ള പ്രചരണങ്ങൾ ചെയ്തുവരുന്നുണ്ടു്. പുകവലികൊണ്ടു് ഗുണമാണോ ദോഷമാണോ ഉള്ളതെന്നുള്ള കാര്യത്തിൽ ആർക്കും സംശയം ഇല്ല. ശാസ്ത്രീയമായ പഠനം ഈ കാര്യത്തിൽ പല രാജ്യങ്ങളിലും ചെയ്തിട്ടുണ്ടു്. ശാസ്ത്രീയമായിട്ടുള്ള ഗവേഷണങ്ങൾതന്നെ നടത്തിയിട്ടുണ്ടു്. ഇതിന്റെയെല്ലാം ഫലമായി തെളിഞ്ഞിട്ടുള്ള വസ്തുത പുകവലി വളരെയധികം ദോഷം ചെയ്യുന്നുണ്ടെന്നും മനുഷ്യആയുസ്സിന്റെ ദൈർഘ്യം വളരെ കുറക്കുന്നുണ്ടെന്നുമാണു്. ഇതിൽനിന്നും രക്ഷപ്പെടുന്നതിനുള്ള ഏക മാർഗ്ഗം പുകവലിക്കുന്ന ശീലം മനുഷ്യസമുദായത്തിൽ നിരുത്സാഹപ്പെടുത്തുക എന്നതാണു്. അമേരിക്കയിലെ കൃാൻസർ സൊസൈററി നടത്തിയ ഗവേഷണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly